# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3611. 23.06.2014 ൽ മറുപടിയ്ക്ക്.

## ഫെയർ സ്റ്റേജ് നിർണ്ണയവുമായി ബന്ധപ്പെട്ട കോടതിവിധി

| ചോദ്യം<br>ശ്രീ. കെ. അജിത് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഫെയർ സ്റ്റേജിലെ അപാകത പരിഹരിക്കണമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുമുമ്പ് ഇതു സംബന്ധിച്ച് കോടതിവിധിയുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഫെയർസ്റ്റേജ് അപാകതകൾ സംബന്ധിച്ച പരാതികൾ ആദ്യം ആർ.ടി.എ. മുമ്പാകെയാണ് ഉന്നയിക്കേണ്ടതെന്നും അതിനുമേലുള്ള റിവിഷൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിന് മുൻപാകെ ഉന്നയിക്കാമെന്നുമുള്ള 02/08/99 ലെ ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു ശേഷം ഇതു സംബന്ധിച്ച് കോടതി ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഫെയർ സ്റ്റേജിലെ അപാകത പരിഹരിക്കണമെന്ന കോടതിവിധി എന്ന് നടപ്പാക്കാനാവുമെന്ന് വ്യക്തമാക്കുമോ ? | (ബി) | ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ കേരളത്തിലെ വിവിധ റീജിയണൽ ട്രാൻസ്‌പോർട്ട് അതോറിറ്റികളിൽ ലഭിക്കുന്ന ഫെയർ സ്റ്റേജുകൾ സംബന്ധമായ പരാതികൾ പരിഗണിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ.